**കേരള സർക്കാർ**
**<u>സംഗ്രഹം</u>**

<u>വനം - വന്യജീവി വകുപ്പ് - വിവിധയിനം വനവിഭവങ്ങളുടെ ലേലനിബന്ധന പുതുക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപെടുവിക്കുന്നു.</u>

വനം - വന്യജീവി (ബി) വകുപ്പ്

ജി.ഒ.(എം.എസ്) 18/99/വനം. തിരുവനന്തപുരം, തീയതി, 4-3-1999.

പരാമർശം: 1. സർക്കാർ ഉത്തരവ് (എം.എസ്) 100/98/വനം തീയതി 16-11-1998.
2. സർക്കാർ ഉത്തരവ് (എം.എസ്) 11/99/വനം തീയതി 30-1-1999.
3. 6-2-1999-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ജനറൽ) എഫ്.യു. (3) 1465/91 നംപർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരംഅംഗീകരിച്ച ലേലനിബന്ധനകളിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവ് പുറപപെടുവിക്കുന്നു.

2 (ഇ). ലേലത്തിൽ കൂട്ടിവിളിയിക്കുന്ന ഏറ്റവും കുറഞ്ഞ സംഖ്യ ഈട്ടിത്തടിയുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന് 500/- രൂപയും, തേക്ക്ത്തടിയുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന് 100/- രൂപയും മറ്റിനം തടികളുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന 25/- രൂപയും 1, 2 എന്നീ ക്ളാസ്സുകളിൽപ്പെട്ട തേക്കുകഴകൾക്ക് ഓരോ എണ്ണത്തിന് 25 രൂപയും <u>3, 4 ക്ളാസ്സുകളിൽപ്പെട്ട തേക്ക്കഴകളുടെ കാര്യത്തിൽ ഓരോ എണ്ണത്തിന് 5/- രൂപയും 5-ാം ക്ളാസ്സ്, കപ്പുകാൽ എന്നീ തേക്ക്കഴകളുടെ കാര്യത്തിൽ ഓരോ എണ്ണത്തിന് 2/- രൂപയും തേക്ക്, ഈട്ടി ബില്ലറ്റുകൾക്ക് മെട്രിക് ടണ്ണിന് 50/- രൂപയും, വിറകുകൾക്ക് മെട്രിക് ടണ്ണിന് 10/- രൂപയും മറ്റു വനവിഭവങ്ങളുടെ കാര്യത്തിൽ 10/- രൂപയും ആയിരിക്കും.</u>

4. <u>ബാക്കി പണം അടയ്ക്കലുംതടി നീക്കം ചെയ്യലും</u>

എ. ലേലം വിളിച്ചെടുക്കുന്ന ആൾ ലേലം കഴിഞ്ഞാലുടനെ മൊത്തം ലേല സംഖ്യ 10,000/- (പതിനായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതലാണെങ്കിൽ <u>1/5 (അഞ്ചിലൊന്ന്)</u> ഭാഗം ലേലത്തുക കുറഞ്ഞത് 10,000/- (പതിനായിരം) രൂപയും കൂടിയത് 1,00,000/- (ഒരുലക്ഷം) രൂപ.യും എന്ന കണക്കിൽരൊക്കം പണമായോ ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിലെ ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്..
ഠലല ദിവസം നിരതദ്രവ്.മായി അടച്ച തുക ഉൾപ്പെടുത്തിയായിരിക്കും ടി തുക കണക്കാക്കുന്നത് ഡാഫ്റ്റുകൾ ലേലക്കാരന് അക്കൗണ്ടില്ലാത്ത മറ്റേതെങ്കിലും ബാങ്കുകളിൽ നിന്നും മാറുകയാണെങ്കിൽ അതിനുള്ള കമ്മീഷൻ ലേലക്കാരൻ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡ്രാഫ്റ്റ് ബാങ്കിൽനിന്നും നിരസിക്കുകയാണെങ്കിൽ ടി ഡ്രാഫ്റ്റ് ഹാജരാക്കിയ ആളിനെ വീഴ്ചക്കാരനായി പരിഗണിച്ച ലേലവ്യവസ്ഥകൾ അനുസരിച്ചും ക്രിമിനലായും നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

<u>1/5 (അഞ്ചിലൊന്ന്)</u> ഭാഗം വരുന്ന ലേലതുക ഒരുലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ലേലദിവസം അടച്ച 1,00,000 (ഒരു ലക്ഷം) രൂപ കിഴിച്ച് ബാക്കി വരുന്ന തുക ലേലദിവസം കഴിഞ്ഞുള്ള 7 ദിവസത്തിനകം ഡിപ്പോ ഓഫീസർ/റെയിഞ്ച് ഓഫീസർ നിർദ്ദേശിക്കുന്ന ട്രഷറിയിൽ അടച്ച ചെല്ലാൻ രസീത് ഹാജരാക്കേണ്ടതാണ്. ഏഴാമത്തെ ദിവസം ഒഴിവ് ദിവസമായി വരികയാണെങ്കിൽ അടുത്ത പ്രവൃത്ത്ദിവസം പണംഅടച്ചാൽ മതിയാകുന്നതാണ്.

ഒരേ ദിവസത്തെ . ലേലത്തിൽതന്നെ ഈട്ടിതടിയും മറ്റുതടികളും ലേലം ഉണ്ടെങ്കിൽ രണ്ട് ലേലങ്ങൾക്കും വെവ്വേറെ സംഖ്യകൾ മേൽ വിവരിച്ച കണക്കിൽ അടക്കേണ്ടതാണ്.

ബി. മേൽ വിവരിച്ച പ്രകാരം ലേലദിവസം അടക്കേണ്ടതുകയോ ലേല തുകയുടെ 1/5 ഭാഗം വരുന്ന തുക അടക്കേണ്ട ദിവസമോ നിശ്ചിത സംഖ്യ ഒടുക്കാതിരുന്നാൽ അവർ വിളിച്ച ലോടുകളുടെ ലേലം റദ്ദ്ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച

എല്ലാ സംഖ്യകളും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും ലേലക്കാരന് യാതൊരു അറിയിപ്പും നല്കാതെ ടി ലോട്ടുകൾ വിളിച്ചെടുത്തവരുടെ നഷ്ടോത്തരവാദിത്വത്തിൽ അതേ ഡിപ്പോയിലെ അടുത്ത ലേലത്തിൽ പുനർ ലേലംചെയ്യുന്നതും അങ്ങനെപുനർ ലേലതതിൽ സംഭവിക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും ടി ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. അവരിൽ നിന്ന് നിയമാനുസൃതമായി എലലാ നടപടികളും സ്വീകരിച്ച് നഷ്ടം ഈടാക്കുന്നതാണ്.

ഡി. ബാക്കി സംഖ്യ ഖജനാവിൽ അടയ്ക്കേണട അവസാന ദിവസം ഒരു പൊതു അവധി ദിവസമായി വരികയാണെങ്കിൽ അതിനടുത്ത പ്രവൃത്തിദിവസം പിഴ ഈടാക്കാതെപണം അടയ്ക്കാവുന്നതാണ്. ബാക്കി വിലയും നികുതികളും ഓരോ ലോട്ടിന്റെയും തീർത്തടയക്കുന്നപക്ഷം അതാത് ലോട്ടുകൾ മറ്റ് ലേലവ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്. എന്നാൽ ലേല ദിവസമോ അത് കഴിഞ്ഞുള്ള 7 ദിവസത്തിനകമോ അടച്ചസംഖ്യ ഏററവും അവസാനംനീക്കം ചെയ്യുന്ന തടികളുടെവിലയിലേയ്ക്ക് മാത്രമേ വക കൊള്ളിക്കുകയുള്ളൂ. ഇപ്രകാരം എല്ലാ ലോട്ടുകളും മുഴുവൻ അടച്ച് ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന ദിവസം മുതൽ രണ്ടു മാ്സത്തിനുള്ളിൽ (60 ദിവസം) നീക്കം ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. സൂസമ്മ.
അണ്ടർ സെക്രട്ടറി.

പകർപ്പ്: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ), തിരുവനന്തപുരം.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

ഒപ്പ്,
സെക്ഷൻ ഓഫീസർ,

മേലെഴുത്ത് നം.എഫ്.യു(3)1465/91 തീയതി: 5-3-1999.

പകർപ്പ്: ഫോറസ്റ്റ്കൺസർവേറ്റർ,കൊല്ലം/കോട്ടയം/തൃശ്ശൂർ/ഒലവക്കോട്/കോഴിക്കോട്/ വന്യജീവി വിഭാഗം പാലക്കാട്/ഫീൽഡ് ഡയറക്ടർ. കോട്ടയം/കൺസർവേറ്റർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് എന്നിവർക്ക് അറിവിനും അനന്തര നടപടിയുമായി അയയ്ക്കുന്നു.

എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും അറിവിനും അനന്തര നടപടിയുമായി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം) ക്കു വേണ്ടി.